"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/242/2025-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 17-10-2025

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - കോക്ലിയർ ഇംപ്ലാന്റ് ചെയ്ത കുട്ടികളുടെ ഉപകരണങ്ങളുടെ റിപ്പയറിംഗിന് 50,000/- രൂപ നിരക്കിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കൈമാറുന്നത് - മുടക്കം കൂടാതെ കൈമാറുന്നതിന് പ്രോജക്ട് ഏറ്റെടുക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
2. 09.11.2023ലെ ഡിഎ1/284/2023-തസ്വഭവ നമ്പർ സർക്കുലർ
3. തിരുവമ്പാടി, ബാലുശ്ശേരി, കുന്ദമംഗലം, കൊടുവള്ളി നിയോജകമണ്ഡലങ്ങളിലെ കോക്ലിയർ ഇംപ്ലാന്റ് ചെയ്ത കുട്ടികളുടെ രക്ഷിതാക്കൾ ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിച്ച അപേക്ഷ
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 06.10.2025ലെ LSGD/PD/29493/2025-DPLA1 നമ്പർ റിപ്പോർട്ട്

**********************

കോക്ലിയർ ഇംപ്ലാന്റ് ചെയ്ത ഒരു കുട്ടിക്ക് ഉപകരണങ്ങളുടെ കാലാകാലങ്ങളിലുള്ള റിപ്പയറിംഗിന് ഓരോ വർഷവും 50,000/- രൂപ നിരക്കിൽ ആകെ കുട്ടികൾക്കു വേണ്ട തുക കണക്കാക്കി കുട്ടികളുടെ ലിസ്റ്റ് സഹിതം കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് മുടക്കം കൂടാതെ നൽകുന്നതിനു ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച സൂചിത മാർഗരേഖ പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്. പദ്ധതിയുടെ നിർവഹണത്തിന് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയെ ചുമതലപ്പെടുത്തിയതിന് ശേഷം, മേൽ പ്രകാരം തുക സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കൈമാറണമെന്നും, പ്രൊജക്റ്റ് നടപ്പാക്കുന്നതിന് അധിക മാർഗ്ഗനിർദ്ദേശങ്ങളും സൂചന 2 സർക്കുലർ പ്രകാരവും നൽകിയിരുന്നു.

എന്നാൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ മേൽ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഗുണഭോക്താക്കളുടെ എണ്ണത്തിന് അനുസരിച്ച് തുക വകയിരുത്തുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, ആവശ്യമായ ഫണ്ട് വകയിരുത്തി പദ്ധതി ഏറ്റെടുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. അത് പ്രകാരം തദ്ദേശ

സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ നിന്നും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ജില്ലാ ജോയിന്റ് ഡയറക്ടർമാർ മുഖേന പൊതു അറിയിപ്പ് നൽകിയിട്ടുള്ളതുമാണ്. എന്നാൽ ഇപ്രകാരം പല തട്ടുകളിൽ നിന്നും നിർദ്ദേശങ്ങൾ നൽകിയിട്ടും, പ്രസ്തുത പദ്ധതി ഏറ്റെടുക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നിരവധി പരാതികൾ നേരിട്ടും, നവകേരള സദസ്സ് വഴിയും, സി.എം.ഒ പോർട്ടൽ വഴിയും മറ്റും സർക്കാരിൽ ലഭിച്ചു വരുന്നുണ്ട്.

കോക്ലിയർ ഇംപ്ലാന്റ് ചെയ്ത കുട്ടികളുടെ ഉപകരണങ്ങളുടെ റിപ്പയറിംഗിന് ഒരു കുട്ടിക്ക് 50,000/- രൂപ നിരക്കിൽ തുക വകയിരുത്തി സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് മുടക്കം കൂടാതെ കൈമാറണമെന്ന് സൂചന 1 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും, ഈ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയുടെ ഖണ്ഡിക 5.2 (എ) പ്രകാരമുള്ള അനിവാര്യ വകയിരുത്തലുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നിരുന്നാൽ കൂടി അർഹമായ പ്രാധാന്യം നൽകി, കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസിനായി ആവശ്യമായ തുക വകയിരുത്തി വർഷാദ്യം തന്നെ മുടക്കം കൂടാതെ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കൈമാറുന്നതിന് എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും പ്രോജക്ട് ഉൾപ്പെടുത്തേണ്ടതാണെന്ന് ഒരിക്കൽ കൂടി നിർദ്ദേശം നൽകുന്നു. ഇക്കാര്യം ഉറപ്പ് വരുത്തുന്നതിന് ജില്ലാ ജോയിന്റ് ഡയറക്ടർമാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തുന്നു.

അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
4. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
5. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
6. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
8. എക്സിക്യൂട്ടീവ് ഡയറക്ടർ, സ്റ്റേറ്റ് ഹെൽത്ത് ഏജൻസി
9. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
12. എല്ലാ ജില്ലാ കളക്ടർമാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം

20. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
21. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 17-10-2025 16:38:02

സെക്ഷൻ ഓഫീസർ.